**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ (അച്ചടി) നം. 48/18/ധന തിരുവനന്തപുരം, തീയതി 2018 മാർച്ച് 23**

---

**പരാമർശം :** 1) 25.02.2014 തീയതിയിലെ സ.ഉ(എം.എസ്) നം. 16/2014/സാ.നീ.വ

2) 20/01/2016 തീയതിയിലെ സ.ഉ(അച്ചടി)നം. 09/2016/ധന

3) 02 .02.2016 ലെ കെ എസ് ഡബ്ല്യൂ ബി 1 / എസ്റ്റാ/ പെൻ. റെവ / 2015-16/ 691 നമ്പർ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറിയുടെ കത്ത്.

**ഉത്തരവ്**

കേരള സാമൂഹിക ക്ഷേമ ബോർഡിലെ ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും പെൻഷൻ നല്കുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യതയുടെ 50% കേന്ദ്രസാമൂഹിക ക്ഷേമ ബോർഡ് വഹിക്കുമെന്നുള്ള വ്യവസ്ഥയിൻമേലും പെൻഷൻ സാമ്പത്തികാനുകൂല്യങ്ങൾ 01.04.2010 മുതൽ മാത്രമേ ലഭ്യമാകുകയുള്ളൂ എന്ന വ്യവസ്ഥയിൻമേലും (31.03.2013 വരെ സർവ്വീസിൽ പ്രവേശിച്ചവർക്ക്) 01.04.1991 മുതൽ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കാൻ സൂചന **1** പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. കേരള സാമൂഹിക ക്ഷേമ ബോർഡിൽ ഒൻപതാം പെൻഷൻ പരിഷ്കരണമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ വിരമിച്ച ജീവനക്കാരുടെ പത്താം പെൻഷൻ പരിഷ്കരണം സൂചന **2** പ്രകാരം പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷനും പരിഷ്കരിക്കണമെന്ന് കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് സെക്രട്ടറി സൂചന **3** പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പത്താം പെൻഷൻ പരിഷ്കരണം സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച സാഹചര്യത്തിൽ കേരള സാമൂഹിക ക്ഷേമ ബോർഡിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് സൂചന (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി സൂചന (2) ന്റെ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു. 01.07.2014 ന് മുമ്പ് വിരമിച്ച പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും 01.07.2014 മുതൽ 28.02.2018 വരെയുള്ള കുടിശ്ശിക തുകയുടെ സംസ്ഥാന വിഹിതമായ 50% തുകയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**ഡോ.ഷർമിള മേരി ജോസഫ് ഐ.എ.എസ്.**
**എക്സ്പെൻഡിച്ചർ സെക്രട്ടറി(ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി കേരള സാമൂഹിക ക്ഷേമ ബോർഡ്, തിരുവനന്തപുരം
പൊതു ഭരണ (എസ് സി) വകുപ്പ് **(07.03.2018 ലെ 1971 നം. മന്ത്രിസഭാ തീരുമാനം )**
ധനകാര്യ (ഡബ്ല്യു ഡബ്ല്യു-ഡബ്ല്യു ഡബ്ല്യു ) വകുപ്പ് **(ഫയൽ നം. ഡബ്ല്യു ഡബ്ല്യു-ഡബ്ല്യു ഡബ്ല്യു2/234/2017-ധന – ഇ-538559)**
സാമൂഹ്യ നീതി (സി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**